"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ. കെ സദാനന്ദൻ, മാനേജിംഗ് പാർട്ണർ, M/S. J & S ഗ്രാനൈറ്റ്സ്, വള്ളിക്കോട്-കോട്ടയം, പത്തനംതിട്ട സമർപ്പിച്ച അപ്പീൽ ഹർജി - WP(C)33412/2024, WP(C)37484/2024 ഹർജികളിൽ ബഹു.ഹൈക്കോടതി 05/02/2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.416/2025/ID തീയതി,തിരുവനന്തപുരം, 15-04-2025

---

പരാമർശം:-

1. 27.07.2024 തീയതിയിലെ സ.ഉ.(സാധാ)നം.668/2024/വ്യവ നമ്പർ ഉത്തരവ്.
2. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 09.09.2024 തീയതിയിലെ 387/2024-25/ഡിഎംജി/8843/2021-എം3 നമ്പർ നടപടിക്രമം.
3. WP(C)33412/2024, WP(C)37484/2024 ഹർജികളിൽ ബഹു.ഹൈക്കോടതി 05/02/2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം.
4. കോന്നി തഹസീൽദാരുടെ 21.03.2025 - ലെ സി4-461153/2023 നമ്പർ റിപ്പോർട്ട്.
5. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 09.04.2025 -ലെ ഡിഎംജി/2757/2024-എം2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിലെ വള്ളിക്കോട് കോട്ടയം വില്ലേജിലെ ബ്ലോക്ക് നം. 31 ൽ റീസർവ്വേ നം 148, 147/10, 147/9, 147/8, 147/5, 147/4, 147/3, 147/2, 147/1, 149/4 എന്നിവയിൽപ്പെട്ട 6.0980 ഹെക്ടർ സ്ഥലത്തു നിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിന് മെ.ജെ&എസ് ഗ്രാനൈറ്റ് കമ്പനിക്ക് അനുവദിച്ച ക്വാറിയിംഗ് ലീസ് റദ്ദ് ചെയ്തുകൊണ്ട് 03.01.2024 ന് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച നടപടി ക്രമത്തിനെതിരെ ശ്രീ.കെ.സദാനന്ദൻ, മാനേജിംഗ് പാർട്ട്ണർ, മെ.ജെ &എസ് ഗ്രാനൈറ്റ് കമ്പനി, പത്തനംതിട്ട സമർപ്പിച്ച അപ്പീൽ പെറ്റിഷന്റെയും, ഇതേ വി ഷയത്തിൽ ഹർജിക്കാരൻ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 21012/2024 നമ്പർ കേസിൽ ബഹു.ഹൈക്കോടതി 12.06.2024 ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെയും അടിസ്ഥാനത്തിൽ അപ്പീൽ കക്ഷിയെയും ബന്ധപ്പെട്ട ഉദ്യാഗസ്ഥരെയും 18/07/2024-ന് അപ്പീൽ അധികാരിയായ അഡീഷണൽ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.

2. അപ്പീൽകക്ഷിയുടെ വാദത്തിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകളുടെയും

അടിസ്ഥാനത്തിൽ അപ്പീൽ അധികാരി ഈ വിഷയം പരിശോധിച്ചു. സെൻട്രൽ സർവ്വേ ഓഫീസ് തിരുവനന്തപുരത്തുനിന്ന് 220/84/1 എന്ന മുൻ സർവ്വേ നമ്പരിൽപ്പെട്ട ഡിവൈഡഡ് സ്കെച്ച് ലഭിച്ചാൽ മാത്രമേ പട്ടയപ്രകാരം സിദ്ധിച്ച സ്ഥലത്തു തന്നെയാണ് ഖനനം ചെയ്തിരിക്കുന്നത് എന്ന് സ്ഥിരീകരിക്കുവാൻ കഴിയുകയുള്ളൂ എന്ന് കോന്നി തഹസിൽദാർ റിപ്പോർട്ട് ചെയ്തിരുന്നു. ഹർജിക്കാരൻ എല്ലാ സ്റ്റാറ്റ്യൂട്ടറി ലൈസൻസുകളും ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ മൈനിംഗ് & ജിയോളജി ഡയറക്ടർ ക്വാറിക്ക് ലീസ് അനുവദിച്ചിരുന്ന 10 സർവ്വേ നമ്പരുകളിൽ 147/3, 147/5, 147/8, 147/9 എന്നീ റീ സർവ്വേ നമ്പരുകളിലുള്ള വസ്തുക്കളിൽ മാത്രമാണ് അസൈൻഡ് ലാന്റാണെന്ന തർക്കം ഉള്ളത്. ബാക്കി സർവ്വേ നമ്പരുകളിലുള്ള വസ്തുക്കളിൽ ക്വാറിയിംഗ് നടത്തുന്നതിന് അനുയോജ്യമാണെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ 147/3, 147/5, 147/8, 147/9 എന്നീ റീ സർവ്വേ നമ്പരുകളിലുള്ള വസ്തുക്കൾ അസൈൻഡ് ലാന്റ് ഖനന നിരോധന മേഖലയാക്കി (Non mining area) പ്രഖ്യാപിച്ച് നിലവിൽ ക്യാൻസൽ ചെയ്ത ലീസ് പുന.സ്ഥാപിച്ച് ഖനനത്തിന് അനുയോജ്യമായ ലീസ് ഏര്യായിൽ ഖനന പ്രവർത്തി സാധ്യത ഉള്ള സ്ഥലം കണ്ടെത്തി ആയതിന് മോഡിഫൈഡ് മൈനിംഗ് പ്ലാൻ അപ്പീൽ കക്ഷി സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് അംഗീകരിച്ച് താലൂക്ക് സർവ്വേയറുടെ സേവനം കൂടി പ്രയോജനപ്പെടുത്തി ടി സ്ഥലം വേർതിരിച്ച് മൂവ്മെന്റ് പെർമിറ്റ് അനുവദിക്കുന്നതിനും ലീസ് ഏര്യായുടെ ഖനനത്തിന് അനുയോജ്യമല്ലാത്ത ഭാഗം വേലി കെട്ടി തിരിച്ച് സംരക്ഷിക്കുന്നതിനും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനും, 147/3, 147/5, 147/8, 147/9 എന്നീ റീ സർവ്വേ നമ്പരുകളിലുള്ള വസ്തുക്കൾ അസൈൻഡ് ലാന്റാണോ അല്ലയോ എന്നതു സംബന്ധിച്ച വ്യകതമായ റിപ്പോർട്ട് കോന്നി തഹസിൽദാർ ലഭ്യമാക്കുന്ന മുറക്ക് 147/3, 147/5, 147/8, 147/9 എന്നീ റീ സർവ്വേ നമ്പരുകളിലുള്ള വസ്തുവിൽ തുടർ ഖനനം അനുവദിക്കണോ വേണ്ടയോ എന്നതു സംബന്ധിച്ച് അനുയോജ്യമായ തീരുമാനം എടുക്കുന്നതിനും മൈനിംഗ് & ജിയോളജി ഡയറക്ടർക്ക് നിർദ്ദേശം നൽകി പരാമർശം (1) ഉത്തരവ് പ്രകാരം പ്രസ്തുത അപ്പീൽ ഹർജി തീർപ്പാക്കിയിരുന്നു.

3. ആയതിന്റെ അടിസ്ഥാനത്തിൽ മെ.ജെ & എസ് ഗ്രാനൈറ്റ് കമ്പനി, വി. കോട്ടയം അടൂർ.പി.ഒ, പത്തനംതിട്ട (Represented by ശ്രീ. കെ. സദാനന്ദൻ, മാനേജിംഗ് പാർട്ണർ) എന്ന പാർട്ണർഷിപ്പ് ഫോമിന് പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിലെ വള്ളിക്കോട് കോട്ടയം വില്ലെജിലെ ബ്ലോക്ക് നമ്പർ 31 ൽ -സർവ്വേ നമ്പർ 148, 147/10, 147/9, 147/8, 147/5, 147/4, 147/3, 147/2 147/1, 149/4 എന്നിവയിൽപ്പെട്ട 6.0980 ഹെക്ടർ സ്ഥലത്തുനിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിന് ക്വാറിയിംഗ് ലീസ് നിബന്ധനകൾക്ക് വിധേയമായി പുന:സ്ഥാപിച്ച് മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം (2) പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചിരുന്നു.

4. എന്നാൽ പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിനെതിരെ ശ്രീ.രഘു.ആർ, കാഞ്ഞിരപ്പാറയിൽ, പത്തനംതിട്ട എന്ന വ്യക്തി ബഹു.ഹൈക്കോടതി മുമ്പാകെ WP(C)37484/2024 നമ്പരായി ഒരു റിട്ട് ഹർജി ഫയൽ ചെയ്യുകയുണ്ടായി. കൂടാതെ അപ്പീൽ ഹർജിക്കാരനായ ശ്രീ.സദാനന്ദൻ SEIAA യുടെ നടപടിക്കെതിരെ WP(C)33412/2024 നമ്പരായി ഒരു റിട്ട് ഹർജിയും ഫയൽ ചെയ്തിരുന്നു. ടി രണ്ട് ഹർജികളും പരിഗണിച്ച് ബഹു.ഹൈക്കോടതി 05/02/2025 ന് സംയുക്തമായി പുറപ്പെടുവിച്ച പരാമർശം വിധിന്യായം (3) പ്രകാരമുള്ള വിധിന്യായത്തിൽ 27/07/2024 തീയതിയിലെ സ.ഉ(സാധാ)നം.668/2024/വ്യവ നമ്പർ ഉത്തരവും (Ext P8), ആയതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാസ്പദമായ സ്ഥലത്ത് ക്വാറിയിംഗ് ലീസ് പുനഃസ്ഥാപിച്ചുകൊണ്ട് 09.09.2024 തീയതിയിൽ മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച നടപടിക്രമം (Ext P9) എന്നിവ റദ്ദ് ചെയ്തു കൊണ്ടും, തുടർന്ന് പെറ്റിഷണറായ

ശ്രീ.രഘു, ആറാം എതിർകക്ഷിയായ ശ്രീ.കെ.സദാനന്ദൻ എന്നിവരെ നേരിൽ കേട്ട് വിധിന്യായം ലഭ്യമായി ഒരു മാസത്തിനുള്ളിൽ പുതുക്കിയ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ വ്യവസായ വകുപ്പ് സെക്രട്ടറിക്കും, രണ്ടാം എതിർകക്ഷിയായ മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർക്കും WP(C)37484/2024 നമ്പർ കേസിലെ വിധിന്യായത്തിൽ നിർദ്ദേശമുണ്ട്. WP(C)37484/2024 നമ്പർ കേസിലെ ഒന്നും, രണ്ടും എതിർകക്ഷികളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ WP(C)33412/2024 നമ്പർ ഹർജിയിലെ Ext P9 മുതൽ ExtP11 വരെയുള്ളവ പുനഃപരിശോധിക്കുന്നതിന് ടി ഹർജിയിലെ 5-ാം എതിർകക്ഷിയായ മെമ്പർ സെക്രട്ടറി, SEIAA ക്കും നിർദ്ദേശമുണ്ട്.

5. ബഹു.ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരമുള്ള അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 15/03/2025 ന് നടത്തിയ ഹിയറിംഗിൽ ശ്രീ.രഘുവിന് വേണ്ടി ടിയാന്റെ പ്രതിനിധിയും, ശ്രീ.സദാനന്ദനും, കോന്നി തഹസീൽദാരും, പത്തനംതിട്ട ജില്ലാ ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും പങ്കെടുക്കുകയുണ്ടായി.

6. SEIAA യുടെ 22-23/12/2023 തീയതിയിലെ 135-ാമത് മീറ്റിംഗിന്റെ മിനുട്ട്സിൽ പരാതിക്കാസ്പദമായ സ്ഥലത്തെ പരിസ്ഥിതി നാശം എത്രത്തോളമുണ്ടായിട്ടുണ്ടെന്ന് കണ്ടെത്തുന്നതിന് നിർദ്ദേശമുണ്ടെന്നും, ആയതിനാൽ ആയത് നിർണ്ണയിക്കുന്നതുവരെ ക്വാറി സൈറ്റ് നിലവിലുള്ളതുപോലെ തുടരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നും, അസൈൻഡ് ലാന്റിന് ഉൾപ്പെടെയാണ് പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുള്ളതെന്നതിനാൽ, അസൈൻഡ് ലാന്റ് ഒഴിവാക്കി ബാക്കി സ്ഥലത്തിന് പുതുക്കിയ മൈനിംഗ് പ്ലാൻ സമർപ്പിക്കുന്നതിന് ഹർജിക്കാരന് നിർദ്ദേശം നൽകണമെന്നും, ടി സ്ഥലത്തെ ക്വാറിയിംഗ് ലീസ് റദ്ദാക്കിക്കൊണ്ടുള്ള 03.01.2024 തീയതിയിലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ നടപടിക്രമം ശരിയായിരുന്നുവെന്നും, ആയത് നടപ്പിൽ വരുത്തണമെന്നും മറ്റും ആവശ്യങ്ങൾ ഉന്നയിച്ച് ശ്രീ.രഘു.ആർ സമർപ്പിച്ച ആർഗ്യുമെന്റ് നോട്ട് ടിയാന് വേണ്ടി ഹാജരായ വ്യക്തി അപ്പീൽ അധികാരിക്കു നൽകിയിരുന്നു.

7. ടി ആർഗ്യുമെന്റ് നോട്ടിലെ വാദങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കോന്നി തഹസീൽദാരോടും, മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറോടും അപ്പീൽ അധികാരി നിർദ്ദേശിച്ചിരുന്നു.

8. പരാതിക്കാസ്പദമായ സർവ്വേ നമ്പരുകൾ ഉൾപ്പെട്ട220/84/1 എന്നത് ഒരു വലിയ ഭൂപ്രദേശത്തിന്റെ സർവ്വേ നമ്പറായതിനാൽ നിലവിൽ ലഭ്യമായ മാർഗങ്ങൾ ഉപയോഗിച്ച് പ്രസ്തുത സർവ്വേ നമ്പറിൽ പെട്ട സ്ഥലങ്ങൾ പട്ടയ സ്ഥലങ്ങളാണ് എന്ന് ഉറപ്പിക്കുവാൻ സാധിക്കില്ലായെന്നും കൂടാതെ 27/10/2023 ലെ സ.ഉ(സാധാ)നം. 1102/2023/വ്യവ ഉത്തരവിൽ 147/3, 147/5, 147/8, 147/9 എന്നീ റീ-സർവ്വേ നമ്പറുകളിൽ പ്പെട്ട സ്ഥലം പട്ടയ പ്രകാരം കിട്ടിയ സ്ഥലങ്ങളാണോ എന്ന് പൂർണ്ണമായും സ്ഥിരീകരിക്കും വരെ പഴയ ലീസ് ഏരിയായിൽ ഉൾപ്പെട്ട ഈ സ്ഥലങ്ങൾ വേലി കെട്ടി തിരിച്ച് ഖനനം നടത്താതെ സംരക്ഷിക്കേണ്ടതുണ്ട് എന്നുള്ളതിനാൽ ഈ വിവരം ശ്രീ കെ സദാനന്ദൻ എന്ന വ്യക്തിയെ ധരിപ്പിക്കുകയും 147/3, 147/5, 147/8, 147/9 റീ-സർവ്വേ നമ്പറുകളിൽപ്പെട്ട സ്ഥലത്ത് ലീസ് കാലാവധിക്കുള്ളിൽ യാതൊരു വിധമായ ഖനന പ്രവർത്തനങ്ങളും നടത്തുന്നതല്ല എന്നും, സ്ഥലങ്ങൾ കൃത്യമായി വേർതിരിച്ചിടാമെന്നും സമ്മതിച്ച നോട്ടറി സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ് തഹസീൽദാരുടെ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുള്ളതു മാണെന്നും, 27/07/2024 ലെ സ.ഉ(സാധാ)നം. 668/2024/വ്യവ ഉത്തരവിൽ ക്വാറിയിങ്ങ് ലീസ് അടിസ്ഥാനത്തിൽ പുനഃസ്ഥാപിക്കുന്നതുമായി

ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച റീ-സർവ്വേ നമ്പറുകളിൽപ്പെട്ട സ്ഥലങ്ങളെ സംബന്ധിച്ച് തഹസീൽദാരുടെ കാര്യാലയത്തിൽ നിന്നും 13.08.2024 ൽ മൈനിങ്ങ് & ജിയോളജി ഡയറക്ടർക്ക് സി4-461153/2023 നമ്പർ റിപ്പോർട്ട് നല്കിയിരുന്നതും, 147/3, 147/5, 147/8, 147/9 എന്നീ റീസർവ്വേ നമ്പറുകളിൽപ്പെട്ട സ്ഥലങ്ങൾ ഒഴിവാക്കി മോഡിഫൈഡ് മൈനിങ്ങ് പ്ലാൻ അംഗീകാരത്തിനായി സമർപ്പിക്കുവാൻ ഉത്തരവായിരുന്നതുമാണെന്നും, ഇപ്രകാരം 147/3, 147/5, 147/8, 147/9 എന്നീ റീ-സർവ്വേ നമ്പറുകളിൽ പ്പെട്ട സ്ഥലം ജില്ലാ ജിയോളജിസ്റ്റ്, തഹസീൽദാരുടെ കാര്യാലയത്തിൽ നിന്നും ഹെഡ് സർവ്വെയർ, താലൂക്ക് സർവ്വെയർ, എന്നിവരുടെ സാന്നിദ്ധ്യത്തിൽ പ്രത്യേകം ഡിമാർക്കേറ്റ് ചെയ്തു വേലി കെട്ടി തിരിച്ച് മാറ്റുകയും ശേഷം ബാക്കി സ്ഥലങ്ങൾക്ക് പുതിയ മൈനിങ്ങ് പ്ലാൻ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതുമാണെന്നും, ആയതിനാൽ മേൽ പ്രസ്താവിച്ച 47/3, 147/5, 147/8, 147/9 എന്നീ റീസർവ്വേ നമ്പറുകളിൽപ്പെട്ട സ്ഥലങ്ങൾക്കൊഴികെ മറ്റു സ്ഥലങ്ങൾക്ക് ലീസ് പുനഃസ്ഥാപിച്ച് ഖനനം ആരംഭിക്കുന്നതിലോ എൻവയോൺമെൻ്റൽ ക്ലിയറൻസ് ഉൾപ്പെടെ മറ്റു ലൈസൻസുകൾ അനുവദിക്കുന്ന നടപടികൾക്കോ ആക്ഷേപം ഇല്ലാ എന്നും പരാമർശം (4) പ്രകാരം കോന്നി തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9. 27/07/2024 തീയതിയിലെ സ.ഉ(സാധാ) നം.668/2024/വ്യവ ഉത്തരവിലെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ 09/09/2024 തീയതിയിൽ 387/2024-25/ ഡി എം ജി/8843/2021-എം 3 നമ്പരായി മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച നടപടി ക്രമത്തിൽ, അസൈൻഡ് ലാൻ്റ് ഒഴികെയുള്ള ക്വാറിയിംഗ് ലീസ് ഏരിയയുടെ മോഡിഫൈഡ് മൈനിംഗ് പ്ലാൻ ക്വാറി ഉടമ ഹാജരാക്കുന്ന മുറയ്ക്ക് ജില്ലാ ജിയോളജിസ്റ്റ് അംഗീകരിച്ച് നൽകണമെന്നും അസൈൻഡ് ലാന്റിൽ ഉൾപ്പെട്ട സർവ്വെ നമ്പരുകൾ വേലി കെട്ടിത്തിരിച്ച് നോൺ മൈനിംഗ് ഏരിയയാക്കണമെന്നുമുള്ള നിബന്ധനയോടെ ക്വാറിയിംഗ് ലീസ് പുന:സ്ഥാപിച്ച് ഉത്തരവായിരുന്നു വെന്നും, പരാതിക്കാസ്പദമായ സ്ഥലം മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ജിയോളജിസ്റ്റ്, താലൂക്ക് സർവ്വെയർ, ഹെഡ് സർവ്വെയർ എന്നിവർ ക്വാറിയിൽ പരിശോധന നടത്തുകയും 147/3, 147/5, 147/8, 147/9 എന്നിവയിൽ പെട്ടതും നിലവിൽ അസൈൻഡ് ലാന്റായി കണ്ടെത്തിയിട്ടുള്ളതുമായ സ്ഥലങ്ങൾ വേലി കെട്ടിത്തിരിപ്പിച്ച് ഡീമാർക്കേറ്റ് ചെയ്യിക്കുകയും ചെയ്തിട്ടുള്ളതാണെന്നും, ക്വാറിയിംഗ് ലീസ് ഏരിയയായ 6.0980 ഹെക്ടർ സ്ഥലത്ത് നിന്നും അസൈൻഡ് ലാന്റിന്റെ ഏരിയ ആയ 0.78 ഹെക്ടർ നോൺ മൈനിംഗ് ഏരിയ ആക്കി ബാക്കിയുള്ള 5.318 ഹെക്ടർ സ്ഥലത്തു നിന്നും 10 വർഷം മൈൻ ലൈഫോടെ 20,62,845 മെട്രിക് ടൺ ധാതു മൈനബിൾ റിസർവ്വായി കണക്കാക്കി മോഡിഫൈഡ് മൈനിംഗ് പ്ലാൻ പത്തനംതിട്ട ജില്ലാ ഓഫീസിൽ നിന്നും 15/10/2024-ന് അംഗീകരിച്ച് നൽകിയിട്ടുണ്ടെന്നും, ക്വാറി ഉടമ സാധുതയുള്ള പരിസ്ഥിതി ക്ലിയറൻസ് അടക്കമുള്ള മറ്റ് സ്റ്റാറ്റ്യൂട്ടറി ലൈസൻസുകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ജില്ലാ ഓഫീസിൽ നിന്നും നിലവിലുള്ള ലീസ് പ്രകാരമുള്ള മൂവ്മെൻറ് പെർമിറ്റുകൾ അനുവദിച്ചിട്ടില്ലാത്തതാണെന്നും മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

10. അപ്പീൽ അധികാരി ഈ വിഷയം ശ്രീ.സദാനന്ദൻ, ശ്രീ.രഘു എന്നിവരുടെ വാദങ്ങളുടെയും, മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ, കോന്നി തഹസീൽദാർ എന്നിവരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പരാതിക്കാസ്പദമായ ക്വാറിയിൽ മൈനിംഗ് & ജിയോളജി, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധന നടത്തി 147/3, 147/5, 147/8, 147/9 എന്നിവയിൽ പെട്ടതും നിലവിൽ

അസൈൻഡ് ലാന്റായി കണ്ടെത്തിയിട്ടുള്ളതുമായ സ്ഥലങ്ങൾ വേലി കെട്ടിത്തിരിപ്പിച്ച് ഡീമാർക്കേറ്റ് ചെയ്യിക്കുകയും ചെയ്തിട്ടുണ്ട്. ക്വാറി ഉടമ സാധുതയുള്ള പരിസ്ഥിതി ക്ലിയറൻസ് അടക്കമുള്ള മറ്റ് സാറ്റ്യൂട്ടറി ലൈസൻസുകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ പത്തനംതിട്ട ജില്ലാ ജിയോളജി ഓഫീസിൽ നിന്നും നിലവിലുള്ള ലീസ് പ്രകാരമുള്ള മൂവ്മെൻറ് പെർമിറ്റുകൾ അനുവദിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ ശ്രീ.രഘു ഉന്നയിച്ച വാദങ്ങളിൽ മറ്റു നടപടികളൊന്നും തന്നെ സ്വീകരിക്കാനുള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ക്വാറി ഉടമയായ ശ്രീ.സദാനന്ദൻ 2015-ലെ കേരളാ മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ള സാറ്റ്യൂട്ടറി ലൈസൻസുകൾ ഹാജരാക്കുന്ന മുറക്ക് അവ പരിശോധിച്ച് പരാമർശം (1) ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും അപ്രകാരം ബഹു.ഹൈക്കോടതിയുടെ പരാമർശം (3) വിധിന്യായം നടപ്പിലാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി
& അപ്പീൽ അധികാരി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് മുഖേന)
ശ്രീ.കെ.സദാനന്ദൻ, മാനേജിംഗ് പാർട്ട്ണർ, മെ,ജെ & എസ് ഗ്രാനൈറ്റ് കമ്പനി, വള്ളിക്കോട്-കോട്ടയം, പത്തനംതിട്ട - 689 656.
ശ്രീ.രഘു.ആർ, കാഞ്ഞിരപ്പാറ പുത്തൻവീട്, വള്ളിക്കോട്-കോട്ടയം, പത്തനംതിട്ട.
തഹസീൽദാർ, കോന്നി, പത്തനംതിട്ട.

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, പത്തനംതിട്ട.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 15-04-2025 17:13:05